# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 1672/11/12/2024/**

പരാതികക്ഷി അഡ്വക്കേറ്റ് ദേവദാസ്, ജ്യോതി നിവാസ്,
തലാപ്പ്, കണ്ണൂർ

എതിർകക്ഷികൾ

**ഉത്തരവ് തീയതി 15.12.2025**

വർക്കലയിൽ ബേക്കറിയിൽ നിന്നും Dilkush Bun കഴിച്ച് ഒരു യുവാവ് ഭക്ഷ്യ വിഷ ബാധയാൽ മരണപ്പെട്ട സംഭവത്തിൽ വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച പരാതിയാണിത്.

2. പരാതി വിഷയത്തിൽ വർക്കല നഗരസഭ സെക്രട്ടറി 22.05.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ദിൽകുഷ് കഴിച്ച് മരണപ്പെട്ട 23 വയസ്സുകാരന്റെ വീട് വർക്കല നഗരസഭ പരിധിയിൽ അല്ല എന്നും, ഇലകമൺ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നും, വർക്കല നഗരസഭ പരിധിയിലുള്ള ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങി ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നതും വെള്ളത്തിൻറെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതും മാലിന്യ സംസ്കരണം നിയമപ്രകാരം പാലിക്കുന്നതിനും പരിസര ശുചീകരണം ഉറപ്പുവരുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും, ഷവർമ്മ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു നടപടികൾ സ്വീകരിച്ചു വരികയാണെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 15.12.2025 തീയതി ഹർജികക്ഷി ഹാജരായിട്ടില്ല. കേരളത്തിലെ പലഭാഗങ്ങളിലും ഇത്തരം ഭക്ഷ്യ വിഷബാധ സംഭവിക്കുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഫുഡ് സേഫ്റ്റി വകുപ്പ് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദേശത്തോടു കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ഫുഡ് സേഫ്റ്റി കമ്മീഷ്ണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ